# 573

**'Saviour like a Shephered'**

1 രക്ഷകാ! നിൻ ആടുകളിൽ മുമ്പിൽ നടക്കേണമേ
ലോകത്തിൽ ഈ സാധുക്കളിൻ ശരണം നീ മാത്രമേ
നല്ല മേച്ചിൽ തന്നിടേണം ദിനംതോറും യേശുവേ!

2 നിന്റെ ജനത്തിൻമേൽ പാപം ഒട്ടും ഭരിക്കരുതേ
സീനായ്മലയുടെ ശാപം ആയതിൽ പെടരുതേ
കൃപയിൽ നീ കാത്തുകൊൾക നീ വീടെുത്തവരെ

3 ദൈവഭക്തിയുടെ വേഷം ലോകർ ധരിച്ചിടുന്നു
അതിൻ ശക്തിയോ അശേഷം തള്ളിക്കളഞ്ഞിടുന്നു
സത്യത്തിൽ നീ കാത്തുകൊൾക ഞങ്ങൾ ഞരങ്ങിടുന്നു

4 സത്യത്തിലും ആത്മാവിലും ദൈവത്തിന്നു വന്ദനം
ചെയ്വാൻ എല്ലാ നേരത്തിലും ആത്മദാനം തരേണം
യേശുവേ! നീ മദ്ധ്യത്തികൽ എല്ലായ്പ്പോഴും വരേണം-

5 സാത്താൻ വെളിച്ചത്തിൻ ദൂതൻ എന്നപോലെ അടുത്താൽ
നിന്നെ അറിയാത്ത മൂഢൻ ഞങ്ങൾക്കെതിർത്തു നിന്നാൽ
വീഴാതെ നീ കാത്തുകൊൾക നിൻ വിശുദ്ധരുടെ കാൽ-

6 അഗ്നിയിലും വെള്ളത്തിലും കൂടി നീ കടത്തുമ്പോൾ
ഉടൻ നിൻ തോളുകളിലും ഞങ്ങളെ ചുമന്നുകൊൾ
ഭയം വോ ഞാനാകുന്നു എന്നു കനിവോടു ചൊൽ-

7 നോഹയുടെ പ്രാവിനോടു തുല്യരാകും ഞങ്ങൾക്കു
കൈയെ നീട്ടി പ്രീതിയോടു വാസം താ നിൻ അകത്തു
യേശുവേ! നീ ഒളിപ്പിക്ക ഞങ്ങളെ നിൻ മാറത്തു-

8 സ്നേഹത്തിന്റെ അഗ്നിജ്വാല ഉള്ളിൽ ജ്വലിപ്പിക്കുകേ
ആത്മഫലങ്ങളിൻ മാല ഭംഗിക്കായ് കെട്ടേണമേ
അന്ത്യത്തോളം കാത്തുകൊൾക നിന്റെ ആട്ടിൻകൂട്ടത്തെ- **V.N.**